LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം നവീകരിക്കാൻ നടപടി

229 (7792) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നവീകരണ പദ്ധതി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി സ്പോർട്സ് കൗൺസിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ ;

(സി) സ്റ്റേഡിയം സ്പോർട്സ് ആവശ്യങ്ങൾക്കായി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 18-6-2014 തീയതിയിൽ ബഹുമാനപ്പെട്ട കായിക വകുപ്പു മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽവച്ച് ആലപ്പുഴ ഇ.എം.എസ്. മെമ്മോറിയൽ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നിലവിലുള്ള സ്റ്റേഡിയം പരിശോധിച്ച് അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഫുട്ബോൾ കളിസ്ഥലമാക്കി ഉപയോഗിക്കുവാനുള്ള രൂപരേഖ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം നവീകരണത്തിനായി സ്പോർട്സ് കൗൺസിലിൽ പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല.

(സി) നിലവിൽ സ്റ്റേഡിയത്തിന്റെ മൂന്ന് വശത്തും ഗ്യാലറി ചെയ്തു കഴിഞ്ഞ സാഹചര്യത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 105 X 68 മീറ്റർ അളവിൽ പുൽത്തകിടിയുള്ള ഫുട്ബോൾ കളിസ്ഥലവും അതിനോടനുബന്ധിച്ചുള്ള സൗകര്യങ്ങളും തയ്യാറാക്കുവാൻ മാത്രമെ സാധിക്കുകയുള്ളൂ. കൂടാതെ സിന്തറ്റിക് ഹൈജംപ്, ലോംഗ്ജംപ്, 110 മീറ്റർ ലൈൻ ട്രാക്ക് എന്നിവ തയ്യാറാക്കാനുള്ള സ്ഥലം ലഭ്യമാണ്. എന്നാൽ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനുള്ള സ്ഥലം നിലവിലുള്ള ഗ്യാലറികൾക്കുള്ളിൽ ലഭ്യമല്ല.

സിനിമാ പ്രതിസന്ധി

230 (7793) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിനിമാ പ്രതിസന്ധി പരിഹരിക്കുവാൻ നിയമനിർമ്മാണം നടത്തുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) സിനിമാമേഖലനേരിടുന്ന പ്രതിസന്ധികൾ ഏതെല്ലാമെന്നും അവയ്ക്കുള്ള പരിഹാരം കാണാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനായുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. 1988-ലെ സിനിമാ റെഗുലേഷൻ ആക്ടും റൂൾസും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സിനിമാമേഖല നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സിനിമാ വ്യവസായത്തെ റെഗുലേറ്റ് ചെയ്യുന്നതിന് നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാൽ പുതിയ നിയമങ്ങളും റെഗുലേറ്ററി മെക്കാനിസവും കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടുണ്ട്.

ആധുനിക തിയേറ്റർ സമുച്ചയ നിർമ്മാണം

231 (7794) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുതും വലുതുമായി ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി പാട്ടത്തിനു നൽകുന്ന പ്രദേശങ്ങളിൽ ആധുനിക തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി.- യുടെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly